# ശരീഅത്ത് പതിപ്പിനെപ്പറ്റി

ഇക്കഴിഞ്ഞ നാളുകളിൽ ഏറെ വിവാദങ്ങൾക്കിടയാക്കിയ ഒരു പ്രശ്നമാണ് ശരീഅത്ത്. ശരീഅത്ത് വിവാദങ്ങൾക്ക് തിരികൊളുത്തിയവർ ഉദ്ദേശിച്ചത് ഇന്ത്യയിൽ നിലവിലുള്ള മുസ്ലിം വ്യക്തിനിയമമാണ്. അത് മാറ്റി രാജ്യത്തൊട്ടാകെ ഏക സിവിൽകോഡ് നടപ്പാക്കണമെന്നതാണ് ശരീഅത്തിന്റെ പേര് ചൊല്ലി ബഹളംവെക്കുന്നവർ ആഗ്രഹിക്കുന്നത്. അതിനവർ എടുത്തുകാട്ടുന്നതോ വ്യക്തിനിയമങ്ങളുടെ മറപറ്റി നടത്തപ്പെടുന്ന ചൂഷണങ്ങളും അനീതികളും. ഇഷ്ടംപോലെ മൊഴിചൊല്ലാനും, തോന്നുമ്പോഴൊക്കെ പെണ്ണുകെട്ടാനും അനുവാദം നൽകുന്ന ഒരു വാറോലയാണ് ശരീഅത്ത് എന്നാണ് ഇക്കൂട്ടർ ധരിച്ചുവെച്ചിരിക്കുന്നത്. ശരീഅത്ത് എന്നാൽ അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നുപോലും അറിയാത്തവർ ശരീഅത്ത് പൊളിച്ചെഴുതണമെന്നാഹ്വാനം ചെയ്യുകയും ശരീഅത്തിൽ കൊണ്ടുപിടിച്ച 'ഗവേഷണ പഠന'ങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് ഇങ്ങനെയൊരു വിശേഷാൽപ്രതി ഇറക്കാൻ ഞങ്ങൾ തീരുമാനിച്ചത്. ഇന്നിപ്പോൾ ശരീഅത്ത് ചർച്ചകളുടെ ചൂടും പുകയും ഒട്ടൊന്നു ശമിച്ചിട്ടുണ്ടെങ്കിലും എന്നെന്നേക്കുമായി അതവസാനിപ്പിച്ചുവെന്ന് സമാശ്വസിക്കുക വയ്യ. എന്നു തന്നെയല്ല, രാജ്യത്ത് മത സമുദായ പരിഗണനകൾക്കതീതമായി എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങളെ ഏക സിവിൽകോഡിന്റെ വരുതിയിൽ കൊണ്ടുവരണമെന്നനുശാസിക്കുന്ന 44–ാം ഖണ്ഡിക ഇന്ത്യൻ ഭരണഘടനയുടെ മാർഗനിർദേശക തത്ത്വങ്ങളിൽ നിലനിൽക്കുന്ന കാലത്തോളം ശരീഅത്ത് വിവാദം കെട്ടടങ്ങാൻ പോവുന്നുമില്ല. ഇതിനു മുമ്പും ശരീഅത്ത് പ്രശ്നം ഇവിടെ വമ്പിച്ച ഒച്ചപ്പാടുകൾ ഇളക്കിവിട്ടിട്ടുണ്ട്. ഇനിയും അതുണ്ടാകും. അതുകൊണ്ടുതന്നെ ശരീഅത്തിനെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന ഒരു പ്രസിദ്ധീകരണത്തിന് നല്ല പ്രസക്തിയുണ്ട്. കാലം ചെല്ലുംതോറും അത് വർധിച്ചുവരികയേയുള്ളൂ.

പ്രത്യക്ഷത്തിൽ ശരീഅത്ത് ദേഭഗതിയെക്കുറിച്ച ശബ്ദകോലാഹലങ്ങൾ ഒട്ടൊന്ന് അടങ്ങിയിട്ടുണ്ടെന്നത് നേരുതന്നെ. എന്നാൽ രാജ്യത്തെ മതവിരുദ്ധ ശക്തികളും സെക്യുലറിസ്റ്റ് ഗ്രൂപ്പുകളും ശരീഅത്തിനെയും ഇസ്ലാമിനെയും കരിവാരിത്തേക്കാൻ കിട്ടുന്ന അവസരങ്ങളൊന്നും പാഴാക്കാറില്ല. അതിന് ഉത്തമ ദൃഷ്ടാന്തമാണ് നമ്മുടെ ദേശീയ പത്രങ്ങളിൽ ഇടക്കിടെ വെണ്ടക്ക നിരത്തിവരുന്ന ശഹ്നാസ് ശൈഖിന്റെയും മറ്റും കഥകൾ. ഭർത്താക്കന്മാരുടെ ക്രൂരതകൾക്കിരയാവുന്ന മുസ്ലിം വനിതകളുടെ ദയനീയ ചിത്രം വരച്ചുകാട്ടി ഇസ്ലാമിക ശരീഅത്തിനെ അപ്പാടെ തേജോവധം ചെയ്യാനുള്ള ഹീന ശ്രമങ്ങളാണ് ഇക്കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനാൽ ശരീഅത്തിന്റെ യാഥാർഥ്യവും മുസ്ലിം വ്യക്തിനിയമവും ശരീഅത്തും തമ്മിലുള്ള ബന്ധവും തെളിയിച്ചുകാട്ടേണ്ടത് കാലഘട്ടത്തിന്റെ താൽപര്യമാണ്. ശരീഅത്ത് എന്നാൽ പലരും ധരിച്ചുവെച്ചപോലെ അന്ധമായ ഏതാനും ആചാര–പാരമ്പര്യങ്ങളിൽ മനുഷ്യനെ വരിഞ്ഞു ബന്ധിക്കുന്ന ഒരു നീരാളിയല്ല. മറിച്ച്, മഹാനായ ഇമാം ഇബ്നുൽ ഖയ്യിം എടുത്തുകാട്ടിയതുപോലെ, അതുമുഴുക്കെ നീതിയും കാരുണ്യവും നന്മയും യുക്തിയും ആണ്. നീതിയുടെയും കാരുണ്യത്തിന്റെയും നന്മയുടെയും യുക്തിയുടെയും താൽപര്യങ്ങൾക്ക് നിരക്കാത്തത് ഒന്നും ശരീഅത്തല്ല. കാലഹരണപ്പെട്ട ആചാരങ്ങൾ ചൂണ്ടിയും സമൂഹത്തിൽ നിലനിൽക്കുന്ന വൈകൃതങ്ങൾ എടുത്തുകാട്ടിയും ശരീഅത്തിനെ വിമർശിക്കുന്നത് അൽപത്തമാണ്. അന്ധമായ വിമർശനങ്ങൾ മാറ്റിവെച്ച്, മാറിമാറിവരുന്ന ജീവിതസാഹചര്യങ്ങൾക്കനുസരിച്ച് കാരുണ്യത്തിന്റെയും നീതിയുടെയും താൽപര്യങ്ങൾ സംരക്ഷിക്കാൻ കരുത്തുറ്റ ശരീഅത്തിന്റെ യാഥാർഥ്യം കണ്ടെത്താനാണ് നാം ശ്രമിക്കേണ്ടത്. അതിനുവേണ്ടിയുള്ള ഒരെളിയ ശ്രമമാണ് വായനക്കാരുടെ കൈകളിലിരിക്കുന്ന 'ശരീഅത്ത് പതിപ്പ്'.

ഇസ്ലാമിക ശരീഅത്തിന് നിരക്കാത്ത ആചാരങ്ങൾ മുസ്ലിംസമൂഹ

ത്തിൽ കണ്ടേക്കാം. ശരീഅത്തിന്റെ അന്തസ്സത്തയുമായി പൊരുത്തപ്പെടാത്ത വ്യവസ്ഥകൾ മുസ്‌ലിം വ്യക്തിനിയമത്തിൽ ഉണ്ടാകാം. അവയൊക്കെ മാറേണ്ടതുണ്ട്; മാറ്റേണ്ടതുണ്ട്. പക്ഷേ, അപ്പേരിൽ ശരീഅത്തിനെയും ഇസ്‌ലാമിനെയും തേജോവധം ചെയ്യുന്നതും ശരീഅത്ത് പരിഷ്കരണം രാഷ്ട്രീയ പ്രചാരണത്തിന് ആയുധമാക്കുന്നതും പൊറുപ്പിക്കാനാവില്ല. മുസ്‌ലിം സമൂഹം അതൊട്ട് പൊറുപ്പിക്കുകയുമില്ല. മുസ്‌ലിം വ്യക്തിനിയമത്തിൽ അപാകതകളുണ്ടെങ്കിൽ അവ മാറ്റാവുന്നതാണ്. പക്ഷേ, അതിനുള്ള മാർഗം വ്യക്തിനിയമംതന്നെ എടുത്തുകളയലല്ല. വ്യക്തിനിയമത്തിലെ അപാകതകൾ ചൂണ്ടി ശരീഅത്ത് വിമർശനം തൊടുത്തുവിടുന്നവരുടെ ലാക്ക് ഏക സിവിൽകോഡ് നടപ്പാക്കലാണ്. അതാകട്ടെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പേരും കുറിയും തുടച്ചുമായ്ക്കാനുള്ള ഗൂഢശ്രമത്തിന്റെ ഭാഗമാണെന്ന് മുസ്‌ലിംകൾ ന്യായമായും ആശങ്കിക്കുന്നു. രാജ്യത്തെ ഏറ്റവും ചെറിയ ഒരു ന്യൂനപക്ഷമായ തീവ്ര സെക്യുലരിസ്റ്റ് ബുദ്ധിജീവികളുടെ കറുത്ത കൈകളാണ് അതിനു പിന്നിൽ പ്രവർത്തിക്കുന്നത്. ഇതാകട്ടെ, ന്യൂനപക്ഷങ്ങൾക്ക്, തങ്ങളുടെ സാംസ്കാരികാസ്തിത്വവും വ്യക്തിത്വവും സംരക്ഷിക്കാനുള്ള അവകാശം ഉറപ്പുനൽകുന്ന ഭരണഘടനയുടെതന്നെ ലംഘനവുമാണ്.

ഈദൃശ യാഥാർഥ്യങ്ങളെക്കുറിച്ച് സമൂഹത്തിലെ എല്ലാ വിഭാഗവും ബോധവാന്മാരായിരിക്കേണ്ടതുണ്ട്. സർവോപരി ശരീഅത്ത് വിവാദത്തിനു നേർക്ക് കേവലം വൈകാരികമായി മാത്രം പ്രതികരിക്കുന്ന മുസ്‌ലിംസമൂഹത്തിന്റെ നിലപാടിലും മാറ്റം വന്നേ തീരൂ. ശരീഅത്തിനെക്കുറിച്ച സമഗ്രമായ അറിവും വസ്തുനിഷ്ഠമായ കാഴ്ചപ്പാടും സമൂഹത്തിനു പകർന്നുകൊടുക്കുകയാണ് അതിനുള്ള മാർഗം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു കൂടിയാണ് ഈ സാഹസത്തിന് ഞങ്ങൾ മുതിർന്നത്. ശരീഅത്തിനെക്കുറിച്ച ഒരേകദേശ ചിത്രം വായനക്കാരന് നൽകുക, ഇപ്പോഴത്തെ ശരീഅത്ത് ചർച്ചയിലെ വ്യത്യസ്ത വീക്ഷാഗതികൾ സത്യസന്ധമായി അവതരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ സംരംഭത്തിന് തുടക്കമിട്ടത്. അതെത്രത്തോളം വിജയിച്ചുവെന്നത് മാന്യവായനക്കാരാണ് തീരുമാനിക്കേണ്ടത്.

മുഖ്യമായും മൂന്ന് ഖണ്ഡങ്ങളാണ് ഇതുൾക്കൊള്ളുന്നത്: ശരീഅത്തിനെക്കുറിച്ച സാമാന്യ പഠനം സാധിക്കുന്ന പ്രഥമ ഖണ്ഡം; ശരീഅത്ത് ചർച്ചയിലെ വ്യത്യസ്ത വീക്ഷാഗതികൾ പ്രതിഫലിപ്പിക്കുന്ന സിമ്പോസിയം; ബഹുഭാര്യാത്വത്തെക്കുറിച്ച ഒരു ലഘുപഠനം. ഈ ലക്ഷ്യം സഫലമാക്കുന്നതിനായി കേരളത്തിലെ മത–സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന തലയെടുപ്പുള്ള പണ്ഡിതന്മാരും നേതാക്കളുമായി ഞങ്ങൾ ബന്ധപ്പെടുകയുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ, ജോലിത്തിരക്കുകൾ കൊണ്ടും മറ്റും അവരിൽ പലർക്കും ഞങ്ങളെ സഹായിക്കാനായില്ല. ആഗസ്റ്റിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ച ഈ സ്പെഷ്യൽ ഇത്ര താമസിക്കാൻ കാരണം പ്രബന്ധങ്ങളും മറ്റും തയാറാക്കിക്കിട്ടുന്നതിന് നേരിട്ട കാലതാമസമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഒട്ടു വളരെ പേർ ലേഖനങ്ങൾ തയാറാക്കിത്തന്നും സിമ്പോസിയത്തിൽ സഹകരിച്ചും ഞങ്ങളെ തുണക്കുകയുണ്ടായി. ബഹുഭാര്യാത്വത്തെക്കുറിച്ച സമഗ്രമായ ഒരു സർവേയോ പഠനമോ നടത്താൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഒരു സാമ്പിൾ സർവേയുടെ സ്വഭാവത്തിൽ ഒരു ഏകദേശ ചിത്രം വരഞ്ഞെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. അതൊക്കെ എത്രത്തോളം വിജയിച്ചുവെന്ന് വായനക്കാർ തന്നെയാണ് വിധിയെഴുതേണ്ടത്.

ശരീഅത്തിനെ സംബന്ധിച്ച് ഒരു തുറന്ന ചർച്ച കൂടിയുദ്ദേശിച്ചുകൊണ്ടാണ് ഈ പതിപ്പ് പുറത്തിറക്കിയിട്ടുള്ളത്. സ്വാഭാവികമായും ഇതിൽ വീക്ഷണവൈജാത്യം പ്രകടമാവാം. അതുകൊണ്ടുതന്നെ ഇതിലൂടെ പ്രകടിതമാവുന്ന അഭിപ്രായങ്ങൾ *പ്രബോധന*ത്തിന്റെ ഔദ്യോഗിക വീക്ഷണമായി ഗണിക്കാവതല്ല. ശരീഅത്ത് പതിപ്പിലെ ലേഖനങ്ങളെ സംബന്ധിച്ചുള്ള വസ്തുനിഷ്ഠമായ നിരൂപണങ്ങൾ തുടർന്നും സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ഈ പതിപ്പ് പുറത്തിറക്കുന്നതിൽ ഞങ്ങളോട് സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. പ്രബന്ധങ്ങൾ അയച്ചുതന്നും സിമ്പോസിയത്തിൽ പങ്കെടുത്തും ഈ സംരംഭം വിജയിപ്പിക്കാൻ സഹായിച്ച മാന്യ വ്യക്തികളോട് ഞങ്ങൾക്ക് പ്രത്യേകം കടപ്പാടുണ്ട്. ശരീഅത്തിനെ സംബന്ധിച്ചും ശരീഅത്ത് വിവാദങ്ങളുടെ യാഥാർഥ്യത്തെക്കുറിച്ചും അൽപമെങ്കിലും വെളിച്ചം വായനക്കാർക്ക് പകർന്നുകൊടുക്കാൻ ഈ പതിപ്പ് സഹായിക്കുമെങ്കിൽ ഞങ്ങൾ ധന്യരായി.

– *പ്രബോധനം* പ്രവർത്തകർ